ഭാരതീയ വൈദ്യ

# സംവാദം

വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട് ഫൗണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്

ജനുവരി 2003

ചരകത്തിലൂടെ

രാത്രിയിലും തിലം

നിംബനിലവാകാദി കഷായം

പഠനക്കുറിപ്പുകൾ

സംഭാഷണങ്ങൾ

സുഖസൗധാകം

വിമർശനം

ഭാരതീയ വൈദ്യസംവാദം

**ജനുവരി 2003**

**പ്രസാധനം**

▼

വൈദ്യഭൂഷണം കെ. രാഘവൻ
തിരുമുൽപ്പാട് ഫൗണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്
രാജവിഹാർ, ചാലക്കുടി
തൃശൂർ - 680 307

**പത്രാധിപസമിതി**

▼

ഡോ. കെ. മുരളി
ഡോ. കെ. മഹേഷ്മേനോൻ
ഡോ. കെ. മുത്തുലക്ഷ്മി
ഡോ. ശശി കൈമൾ
ഡോ. മനോജ് ശർമ്മ

**എഡിറ്റർ**

▼

ഡോ. എം. പ്രസാദ്

**ഡി.ടി.പി. & പ്രിന്റിംഗ്**

▼

ഐമാക്ക് ക്രിയേഷൻസ്,
തൃശൂർ - 1

ഭാരതീയ വൈദ്യ

# സംവാദം

വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട്
ഫൗണ്ടേഷൻ ഫോർ ആയുർവേദിക് സ്റ്റഡീസ്

**ചരകത്തിലൂടെ** 6
വൈദ്യഭൂഷണം
കെ. രാഘവൻ തിരുമുൽപാട്

**രാത്രിയിൽ തിലം** 79
ഡോ. ജെറോം വി. കുര്യൻ

**നിംബനിലവാകാദി കഷായം** 84
ഡോ. സി.കെ. കൃഷ്ണൻനായർ

**പഠനക്കുറിപ്പുകൾ** 87
ഡോ. കെ. മുരളി

**സംഭാഷണങ്ങൾ** 87

**സുഖസൗധകം** 117
ഡോ. പ്രസാദ് എം.

**വിമർശനം** 121

# പഠനക്കുറിപ്പുകൾ

ഡോ. കെ. മുരളി *

## 1. ധാതു

ശരീരത്തെ ധാരണം ചെയ്യുന്ന, നിലനില്പിനാവശ്യമായ ശാരീര ധർമ്മങ്ങൾ നിർവഹിക്കുന്ന ഘടകങ്ങളെയാണ് ധാതുക്കൾ എന്ന് വിളിക്കുന്നത്. ശരീരം ജഡമായ ഒന്നല്ലല്ലോ. അത് സചേതനമായി നിലനില്ക്കണമെങ്കിൽ തുടരെയുള്ള പല പ്രവർത്തനങ്ങളും പ്രതിപ്രവർത്തനങ്ങളും ശരീരത്തിൽ നടക്കണം. ഇവ നിർവഹിക്കുന്ന ശരീരാംശങ്ങളാണ് ധാതുക്കൾ. വാതം പിത്തം കഫം എന്ന ദോഷങ്ങൾ, പ്രകൃത്യവസ്ഥയിൽ ശരീരത്തെ നിലനിർത്തുന്നതിനാൽ അവ ധാതുക്കളാണ്. മലങ്ങൾക്കും ചില ശരീരധർമ്മങ്ങളുള്ളതിനാൽ അവയും അവികൃതാവസ്ഥയിൽ ധാതുക്കളാണ്. എന്നാൽ ധാതു എന്നവാക്ക് കൂടുതൽ പ്രസക്തമാകുന്നത്, രസം, രക്തം, മാംസം എന്നീ ഏഴെണ്ണത്തിലാണ്.

ഇതിന് പല കാരണങ്ങളുണ്ട്. ദോഷങ്ങളേക്കാൾ സ്ഥൂലവും വ്യക്തമായ ഘടനാവിശേഷമുള്ളതുമാണ് ധാതുക്കൾ. ദോഷങ്ങൾ ഏറെക്കുറെ സൂക്ഷ്മവും മലങ്ങൾ ഇടക്കിടെ നിർഹരിക്കപ്പെട്ടുപോകുന്നവയുമാണ്. അതാതു സ്രോതസ്സുകളിലൂടെ എപ്പോഴും സഞ്ചരിച്ചുകൊണ്ടിരിക്കുക എന്നതും രസരക്താദികളുടെ പ്രത്യേകതയാണ്. ഈ സവിശേഷതകളുള്ള ദേഹഘടകങ്ങളെയാണ് ധാതുക്കൾ എന്ന് വിളിക്കുന്നത്. എന്നാൽ ചിലപ്പോഴെങ്കിലും ദേഹധാരണത്തിനാവശ്യമായ മറ്റു പലതിനേയും ധാതു എന്ന് വിശേഷിപ്പിക്കാറുണ്ട്. അതിസാരനിദാനത്തിൽ ജലത്തെ ധാതുവായി പറയുന്നത് ആ സന്ദർഭത്തിൽ വളരെ പ്രസക്തം.

നിദാനത്താൽ ദുഷ്ടമാകുമ്പോൾ ദോഷങ്ങൾ ധാതുക്കളേയും ദുഷിപ്പിക്കുന്നുണ്ട്. എന്നാൽ നിദാനം പ്രായേണ ധാതുവിനെ നേരിട്ട് ബാധിക്കുന്നില്ല. അതു

കൊണ്ട് ധാതുക്കൾക്ക് ദൂഷ്യമെന്നുകൂടി പേരുണ്ട്. ദോഷങ്ങൾ കേവലം മൂന്നെണ്ണംആയിരിക്കെ, ധാതുക്കളാണ്, രോഗത്തെ വ്യതിരിക്തവും വിവിധവുമാക്കുന്നത്. സംപ്രാപ്തിയിൽ ധാതുവിന്റെ വിശേഷമായ പങ്ക് കൊണ്ട് ചില രോഗങ്ങൾക്ക് ബന്ധപ്പെട്ട ധാതുവിനെ ചേർത്തും പേരിടാറുണ്ട്. ഉദാ : രക്തപിത്തം, വാതരക്തം, മേദോരോഗം. ദ്രവ്യങ്ങൾ (ആഹാരം, ഔഷധം) ധാതുക്കളെ ബാധിക്കുന്നുമുണ്ട്. മാംസ്യവും മേദ്യവും വൃഷ്യവുമെല്ലാം ഉദാഹരണങ്ങൾ. നിദാനചിന്തയിലും ഔഷധനിർണ്ണയത്തിലും ഇക്കാര്യം പരിഗണനാർഹമാണ്.

## 2. സഹജവ്യാധി

തന്നോടൊപ്പം ജനിക്കുന്നത് എന്ന് സഹജശബ്ദത്തിനർത്ഥം. രോഗബാധിതമായ ശരീരത്തോടെയും ജനനമുണ്ടാകാം. ഇവിടെ ദോഷവൈഷമ്യം സ്വന്തം ശരീരത്തിലല്ല ആരംഭിച്ചിരിക്കുക. അവനവന്റെ മിഥ്യാഹാരവിഹാരങ്ങളല്ല, നിദാനം. ഗർഭകാരണമായ സ്ത്രീപുരുഷബീജങ്ങളിലാണ് സഹജവ്യാധിയുടെ ദോഷദുഷ്ടി. മാതാവിന്റെ ആഹാരരസം കൊണ്ട് ഗർഭം വളർന്നുവരുമ്പോൾ സംപ്രാപ്തിയും ക്രമമായി പുരോഗമിക്കുന്നു. ചിലപ്പോൾ ലീനമായി നില്ക്കുകയും ചെയ്തെന്ന് വരാം. അനുഗുണമായ ധാതുവോ അവയവമോ വികസി


GIL AYURVEDIC
PRODUCTS
THRISSUR-680 618

ചുണങ്ങ്, വളംകടി തുടങ്ങിയ
എല്ലാവിധ ത്വക്ക് രോഗങ്ങൾക്കും അത്യുത്തമം.
പാർശ്വഫലങ്ങളില്ലാത്ത
ഒരു അമൂല്യ ആയുർവ്വേദ ഉൽപന്നം

നാലുതലമുറകളുടെ ചികിത്സാപാരമ്പര്യമുള്ള
കോതമംഗലത്തെ ഏക സ്ഥാപനം
തെക്കിനി 'കൃപാ'
ആയുർകേന്ദ്ര
ചെറിയ പള്ളിയ്ക്ക് സമീപം,
കോതമംഗലം.
Ph : 860299 (Hos), 860258 (Resi)

*Chief Physician*
Dr. T.K. PRABHAKARAN
B.Sc., BAM, S.M.O. (Rtd)
*Consulting Physician*
Dr. T.P. Harikrishnan. B.A.M.S.

Consulting Time : 9 a.m. to 1 p.m. 3 p.m. to 6 p.m.
വെള്ളി, ഞായർ അവധി

ച്ചുവന്നാലേ സംപ്രാപ്തിക്ക് മുന്നോട്ട് പോകാനാകുന്നുള്ളൂ എന്നും വരാം.

ബീജദുഷ്ടിയാണ് ഇവിടെ നിദാനം എന്ന് പറഞ്ഞല്ലോ. മാതാപിതാക്കളിൽ ചിരകാലമായുള്ള ഒരു രോഗം (ദോഷദുഷ്ടി) ക്രമത്തിൽ ശുക്ലാർത്തവങ്ങളെയും ബാധിക്കുന്നു. തുടർന്നുണ്ടാകുന്ന സന്തതികൾക്കാണ് രോഗബാധയുണ്ടാവുക. അതുകൊണ്ട് നിദാനം മാതാപിതാക്കളുടെ മിഥ്യാഹാരവിഹാരമാണ്. പുത്രോല്പാദനത്തിന് മുമ്പ് തന്നെ സ്വാസ്ഥ്യം സംരക്ഷിക്കേണ്ടതുണ്ടെന്നും, സ്വസ്ഥനിൽപോലും ബീജശുദ്ധിയ്ക്കായി ചികിത്സകൾ പറഞ്ഞിരിക്കുന്നതും വളരെ ശ്രദ്ധേയമായ കാര്യങ്ങളാണ്.

എന്നാൽ സഹജരോഗങ്ങളെല്ലാം ബീജദുഷ്ടി കൊണ്ടാണെന്ന് പറഞ്ഞുകൂടാ. ദൈവവും ഒരു കാരണമായി കണക്കാക്കപ്പെട്ടിരിക്കുന്നു ശാസ്ത്രത്തിന് കൃത്യമായി മനസ്സിലാക്കാൻ കഴിയാത്ത പല വസ്തുതകളും സഹജരോഗത്തിലുണ്ടെന്നു ചുരുക്കം.

ഇത്തരം രോഗങ്ങൾ ജനിച്ചയുടനെ തന്നെ പ്രത്യക്ഷപ്പെട്ടുകൊള്ളണമെന്നില്ല.

ബീജദുഷ്ടി ഒരു ഉല്പാദകനിദാനമായി നിലനിന്ന് ആ വ്യക്തി മിഥ്യാഹാരവിഹാരങ്ങൾ ശീലിക്കുമ്പോൾ രോഗം പുറത്ത് വരുന്ന സന്ദർഭങ്ങളും കുറവല്ല. പ്രമേഹത്തിലും മറ്റും ഇത് സംഭവിക്കുന്നുണ്ട്. അങ്ങിനെ സ്വസ്ഥവൃത്തത്തിലുള്ള ജാഗ്രത ഒരു പരിധിവരെ സഹജവ്യാധിയെപ്പോലും അകറ്റുന്നു.

പ്രത്യക്ഷപ്പെട്ടുകഴിഞ്ഞാൽ സഹജവ്യാധി അസാധ്യം തന്നെയാണ്. ദേഹകാരണമായ ബീജത്തിലുള്ള ദുഷ്ടി ഔഷധങ്ങളെക്കൊണ്ട് മാറ്റാവുന്നതല്ല. എന്നാൽ ഹിതചര്യകൊണ്ടു രോഗം യാപ്യമാക്കാൻ കഴിഞ്ഞേക്കാം.

ഗർഭജവ്യാധിയും ജനനത്തോടൊപ്പം തന്നെ പ്രത്യക്ഷപ്പെട്ടേക്കാമെങ്കിലും അവിടെ നിദാനം ഗർഭിണിയുടെ മിഥ്യാഹാരവിഹാരങ്ങളാണ്. ഇവയും അസാധ്യങ്ങളാണ് പ്രായേണ.

### 3. വ്യഭിചാരഹേതു

നിദാനത്തിന്റെ വിഭാഗങ്ങളിൽപെടുന്ന ഒന്നാണിത്. രണ്ടുതരത്തിൽ ഇത് വ്യാഖ്യാനിക്കപ്പെടാറുണ്ട്. ദോഷഹേതുകത്തിന്റെ പര്യായമായിട്ടാണ് ഒന്ന്. നിദാനം ഒരു പ്രത്യേകദോഷത്തെ തന്നെ കോപിപ്പിക്കുമ്പോൾ അതിനെ ദോഷഹേതുകം എന്ന് വിശേഷിപ്പിക്കാം. ഈ നിദാനം കൊണ്ടുണ്ടാകുന്ന രോഗമെ

ന്തെന്ന് നിശ്ചയിക്കുക വയ്യ. അത് വ്യക്തിയുടെ പ്രകൃതി ദേശംതുടങ്ങിയവയു മായി ബന്ധപ്പെട്ട് വ്യത്യസ്തങ്ങളായിത്തീരാം. ഇങ്ങിനെ രോഗത്തിന്റെ കാര്യത്തിൽ നിശ്ചയക്കുറവുള്ളതു കൊണ്ട് ദോഷഹേതുകത്തെ വ്യഭിചാരിഹേതു എന്നു പറയുന്നു. വ്യഭിചാരി എന്ന വാക്കിന് തെറ്റിനടക്കുന്നത് എന്നാണർത്ഥം. ദോഷഹേതുകം ശരീരത്തിൽ എങ്ങിനെ പ്രവർത്തിക്കും എന്ന് പൂർണ്ണമായും നിശ്ചയിക്കുക സാധ്യമല്ലല്ലോ.

വ്യഭിചാരിഹേതുവിനെ മറ്റൊരു തരത്തിൽ വിശദീകരിക്കുന്നത്, രോഗോൽപാദകക്ഷമമല്ലാത്ത നിദാനമെന്നാണ്. ഹരിചന്ദ്രൻ എന്ന ആചാര്യൻ നൽകുന്ന ഈ വ്യഖ്യാനം എത്രത്തോളം ശാസ്ത്രീയമാണെന്ന് അറിയില്ല. കാരണം, രോഗത്തെ ഉണ്ടാക്കുമെങ്കിൽ മാത്രമല്ലേ ഒരു ആഹാരത്തേയോ വിഹാരത്തേയോ നിദാനമെന്ന് വിളിക്കാനാകൂ. ഒരു പക്ഷേ, രോഗമുണ്ടാക്കുക എന്ന ധർമ്മത്തിൽ നിന്നും തെറ്റി നടക്കുന്ന മിത്ഥ്യാഹാരവിഹാരത്തെ ഉദ്ദേശിച്ചാകാം, ആചാര്യൻ ഇങ്ങിനെ വിശദീകരിച്ചത്.

4. ധൃതിഭ്രംശം


Bipha
since 1925

- Seven decades of committed service to Ayurveda.
- Pioneers of Ayurvedic tablet manufacturing in Kerala.
- Manufacturers of over 50 patented and 250 Ethical Ayurvedic formulations.
- Product backed by decades of safe and proven use.
- State of the art manufacturing and analytical facilities.

Bipha Drug Laboratories
P.B. NO. 30, KOTTAYAM - 686 001
T ++91 - 481 - 563797
F ++91 - 481 - 566447
E info@bipha.com
W www.bipha.com

പ്രജ്ഞയുടെ ഘടകങ്ങളിലൊന്നാണ് ധൃതി. ധീ കൊണ്ട് ഹിതത്തേയും അഹിതത്തേയും തിരിച്ചറിയുന്നു. നിശ്ചയത്തെ എടുക്കുന്ന മനസ്സിന്റെ ഘടകമാണ് ധീ. വേർതിരിച്ചറിഞ്ഞ ഹിതത്തെ സ്വീകരിക്കേണ്ടത് അഹിതത്തിൽ നിന്ന് മനസ്സിനെ പിന്തിരിപ്പിച്ചുകൊണ്ടാണ്. ഈ നിയന്ത്രാണത്മകമായ മനോംശത്തെ ധൃതി എന്നുവിളിക്കുന്നു.

ധൃതിഭ്രംശം പ്രജ്ഞാപരാധത്തിന്റെ ഒരു ഭാഗമാണ്. ഹിതത്തെത്തന്നെ സ്വീകരിക്കാനാകാതെ, മിഥ്യാഹാരവിഹാരം കൊണ്ട് രോഗബാധയുണ്ടാകുന്നു.

വിഷയപ്രവണം ചിത്തം ധൃതിഭ്രംശാന്ന ശക്യതേ
നിയന്തുമഹിതാദർത്ഥാത് ധൃതിർഹി നിയമാത്മികാ

## 5. പ്രസരം

സംപ്രാപ്തിയുടെ മൂന്നാമത്തെ പടവാണ് പ്രസരം. ഇത് ഒരു അന്തരാളഘട്ടമാണ്. ചയാവസ്ഥയിൽ വൃദ്ധിലക്ഷണങ്ങളേയും കോപാവസ്ഥയിൽ കോപലക്ഷണങ്ങളെയും പ്രകടിക്കുന്ന സംപ്രാപ്തി, വ്യക്തിഘട്ടത്തിൽ രോഗലക്ഷണങ്ങളെ കാണിക്കും മുമ്പ് സ്ഥാനസംശ്രയത്തിലെത്താൻ ദോഷം സ്വസ്ഥാനത്ത് നിന്ന് വ്യാപിക്കേണ്ടതുണ്ട്. ഈ ഘട്ടമാണ് പ്രസരം. കോപം ദോഷങ്ങളുടെ സ്വസ്ഥാനത്തുനിന്നുള്ള ചലനം മാത്രമാണ്. ധാന്യങ്ങൾ അരച്ച് വെച്ചത് പുളിച്ചാൽ പതഞ്ഞുപൊന്തുന്നതിനോടാണ് പ്രസരത്തെ ഉപമിച്ചിരിക്കുന്നത്. ചലനമെല്ലാം വായുവിന്റെ ധർമ്മമായതുകൊണ്ട്, വായുവിന് ഇക്കാര്യത്തിൽ ഏറെ പങ്കുണ്ട്. ദോഷങ്ങളുടെ ശാഖാഗമനത്തെ പറയുന്നിടത്തും വായുവിന്റെ ദ്രുതത്വം പരാമർശിക്കുന്നു.

കോപിച്ച ദോഷം മറ്റു ദോഷത്തെ ബാധിക്കുന്നതും ഈ ഘട്ടത്തിലാണ്. തുടർന്ന് അവയും സംപ്രാപ്തിയിൽ പങ്ക് ചേരുന്നു. അങ്ങിനെ കോപം സംസർഗവും സന്നിപാതവുമായി മാറുന്നു. സംപ്രാപ്തിയുടെ ആദ്യഘട്ടങ്ങൾ കഴിയുന്നതോടെ ശക്തമാകുന്ന ദോഷം, വ്യാധിക്ഷമത പോലുള്ള തടസ്സങ്ങളെയും അതിജീവിക്കുന്നത് പ്രസരത്തോടെയാണ്. വെള്ളപ്പൊക്കം അണക്കെട്ടിനെ തകർക്കുന്നത് പോലാണിത്.

തേഷാമേഭിരാതങ്കവിശേഷൈഃ പ്രകുപിതാനാം പര്യുഷിതകിണ്വോദകപിഷ്ടസമവായ ഇവ ഉദ്രിക്താനാം പ്രസരോ ഭവതി / തേഷാം വായുർഗതിമത്വാത് പ്രസരണഹേതുഃ സത്യപ്യചൈതന്യേ / സ ഹിര ജോഭുയിഷ്ഠം, രജശ്ച പ്ര

Authentic Ayurveda.......... Modern Approach

# ARYA VAIDYA NILAYAM

AVN ESTD. 1930 GROUP

175-A, Vilachery Main Road, Madurai-625004
Ph : 371593, 370394, 370781, Fax : 370271,
E-mail : avn@eth.net

## *Kashayams in Tablet Form*

Six Years of hard work has enabled us to perfect Kashayams in tablet form. Ayurveda recommends Concentration of Kashayams and conversion into Gulika as "GHANAVATI".

| *KASHAYAM TABLETS* | |
|---|---|
| Easily swallowable<br>Easy to carry<br>Patient compliance | Taste immaterial<br>Accurate dosage<br>No Preservatives |
| Dosage : 2 to 3 tablets BD | |

### *Our Special Products*

| | | | |
|---|---|---|---|
| **ARTHOVEN**<br>**Tablets**<br>The ideal choice for Arthritis and Joint Problems. | **ARTHORUB**<br>**Ointment**<br>Time tested formula for swelling and pain | **ASMAGON**<br>**Tablets**<br>For long term relief from Asthma | **CERVILON**<br>**Capsules**<br>For relief from cervical Spondylosis |
| **HERBOVITAL**<br>**Capsules**<br>For Oligospermia, and functional importance | **LO-MEDUS**<br>**Tablets**<br>An excellent Anti - atherosclerotic | **MANOMITRAM**<br>**Tablets**<br>For relief from Anxiety and Tension | **SETEBID**<br>**Tablets**<br>The ideal choice for perfect control of Diabetes |
| **BONNIEBABE**<br>**Growth Tonic**<br>Improves, appetite digetion and growth | **KARKUNTAL**<br>**Hair Oil**<br>Ayurvedic Hair tonic for Thick Hair Growth | **GOKSHURADI**<br>**Gulgulu**<br>For Urinary problems and Oedema | **KOLDOFF**<br>**Tablets**<br>For relief in Upper Respiratory Infections |

വർത്തകം സർവ്വഭാവാനാം / യഥാ- മഹാനുദകസഞ്ചയോƒതിവൃദ്ധ: സേതുമ പദാര്യാപരേണോദകേന വ്യാമിശ്ര : സർവത: പ്രധാവതി! ഏവം ദോഷാ: കദാ ചിദേകശോ ദ്വിശ: സമസ്താ: ശോണിതസഹിതാ വാ അനേകധാ പ്രസരന്തി//

## 6. മാനസപൂർവരൂപം

ഭാവിവ്യാധിപ്രബോധകമായ പൂർവ്വരൂപം, രോഗത്തെപ്പറ്റിയുള്ള ആദ്യവും അവ്യക്തവുമായ സൂചനകളാണല്ലോ. സ്വസ്ഥതയിൽനിന്നുള്ള ശരീരത്തിന്റെ മാറ്റം മനസ്സിനേയും ബാധിക്കുന്നുണ്ട്. അതുകൊണ്ട് പലപ്പോഴും പൂർവ്വരൂപ ങ്ങളിൽ മാനസമായവയും, ശരീരരോഗങ്ങളിലും പ്രകടമാകുന്നു. പ്രസന്നാ ത്മേന്ദ്രിയ മനസ്സായ അവസ്ഥയാണല്ലോ സ്വാസ്ഥ്യം. രോഗം സ്വസ്ഥതയിൽ നിന്നുള്ള മാറ്റം എന്ന നിലയിൽ മന:പ്രസാദത്തേയും ഇല്ലാതാക്കുന്നു. എന്നാൽ സ്ഥാനസംശ്രയവും മറ്റും കഴിഞ്ഞ് സംപ്രാപ്തി അവയവനിഷ്ഠമാകുമ്പോൾ ഈ മാനസലക്ഷണങ്ങൾ പ്രായേണ അപ്രത്യക്ഷമാകുന്നുണ്ട്.

ജ്വരത്തിൽ ശബ്ദാഗ്ന്യാദികളിൽ ഇഷ്ടാനിഷ്ടങ്ങൾ മാറിവരുന്നതും, കുട്ടി കളോട് ദ്വേഷം തോന്നുന്നതുമെല്ലാം മാനസപൂർവ്വരൂപങ്ങൾക്ക് ഉദാഹരണമാണ്.

## 7. സത്വപരീക്ഷ

പല അർത്ഥങ്ങളുള്ള സത്വശബ്ദം അധികവും മനസ്സ് എന്ന അർത്ഥത്തി ലാണ് പ്രായോഗിക്കാറ്. ഏത് രോഗത്തിന്റെയും ഉല്പത്തിയിലും ലക്ഷണങ്ങ ളിലും ചികിത്സയിലുമെല്ലാം മനസ്സ് നിയതമായ ഒരു പങ്ക് വഹിക്കുന്നുണ്ട്. അതു കൊണ്ട് സത്വപരീക്ഷ രോഗവിജ്ഞാനത്തിൽ ഒഴിവാക്കാനാവാത്ത ഒന്നാണ്.

സത്വബലം രോഗത്തേയും രോഗലക്ഷണത്തേയും മറച്ച് പിടിക്കും. ഇതു മൂലം ഗുരുവായ രോഗം തന്നെ ലഘുവാണെന്ന് തോന്നിയേക്കാം. അതുപോ ലെതന്നെ ലഘുവായ രോഗം സത്വബലം കുറഞ്ഞവന് (ഹീനസത്വന്) ഗുരു വായി പ്രത്യക്ഷപ്പെട്ടെന്നുവരാം. അതിനാൽ രോഗത്തിന്റെ യഥാർത്ഥബലം അറിഞ്ഞേ ചികിത്സിക്കാവൂ. വൃദ്ധിബലമറിഞ്ഞിട്ടേ ശമനവും ശോധനവുമായ ചികിത്സ നിശ്ചയിക്കാനാകൂ. ശോധനത്തിൽതന്നെ മൃദു, മധ്യം, പ്രവരം എന്നി ങ്ങനെ സമ്യഗ്യോഗമുള്ളത് രോഗത്തിന്റെ ദോഷബലമനുസരിച്ച് പ്രയോഗി ക്കാനാണ്. ശമനൗഷധങ്ങളിൽ ബലഭേദമുണ്ട്. ഈ ആവശ്യങ്ങൾക്കായി വ്യാധിബലം അറിയണമെങ്കിൽ സത്വപരീക്ഷ കൂടിയേ തീരൂ.

സത്വബലം അളക്കുന്നത് വേദനയെ സഹിക്കാനുള്ള കഴിവിനെ അനുസ

രിച്ചാണ്. ഈ ബലത്തെ പ്രവരം, മധ്യം, അവരം എന്ന് നിർണ്ണയം ചെയ്യാം. സത്വപരീക്ഷ ദശവിധപരീക്ഷയിൽ ഒന്നാണ്.

### 8. അതിപ്രവൃത്തി.

സ്രോതോദുഷ്ടിലക്ഷണങ്ങളിൽ ഒന്നാണ് അതിപ്രവൃത്തി. ചില ദോഷഘടകങ്ങൾക്ക് സഞ്ചരിക്കാനുള്ള മാർഗ്ഗമാണല്ലോ സ്രോതസ്സുകൾ. ഇവയിൽ ബഹിർമുഖസ്രോതസ്സുകൾ മലങ്ങളെയാണ് അഭിവാഹനം ചെയ്യുന്നത്. ക്രമമായ രീതിയിൽ ഇവ മലത്തെ നിർഹരിക്കുന്നു. മലങ്ങൾക്കും ശരീരത്തിൽ നിശ്ചിതമായ ധർമ്മങ്ങളുണ്ട്. അതിനുതകുംവണ്ണം നിയതമായ സമയം ദേഹത്തിൽ നിന്ന ശേഷമേ അവ നിഷ്ക്രമിക്കാവൂ. സ്രോതസ്സുകൾ ദുഷ്ടമാകുമ്പോഴുള്ള പ്രധാനലക്ഷണമാണ് അതിപ്രവൃത്തി. അത് മലങ്ങളുടെ അധികമായ നിഷ്ക്രമണത്തിന് വഴി തെളിയിക്കുന്നു. പല രോഗങ്ങളുടെ സംപ്രാപ്തിയിൽ ഇത് പ്രകടമാണ്. പ്രമേഹമാണ് പ്രകടോദാഹരണം. മൂത്രാതിപ്രവൃത്തി പ്രമേഹത്തിന്റെ പ്രത്യാത്മികലിംഗങ്ങളിലൊന്നാണ്. സ്രോതസ്സിന്റെ ഈ വ്യഗ്രത ദുഷ്ടമായ ധാതുക്കളുടെ അംശങ്ങളെയും മൂത്രത്തിലെത്തിക്കുന്നു.

– ധാതുവഹസ്രോതസ്സുകളിൽ അതിപ്രവൃത്തി എങ്ങനെ പ്രസക്തമാകുന്നു എന്നത് വിശദീകരിച്ചു കാണുന്നില്ല.

### 9. സംഹനനം

ശരീരസൗഷ്ഠവത്തിന്റെ ഒരു സൂചകമാണ് സംഹനനം. വേണ്ടുംവണ്ണം നീളമുള്ള അസ്ഥികളും ഉറച്ച സന്ധികളും അസ്ഥികളോട് ചേർന്നുറച്ച മാംസപേശികളും രക്തപ്രസാദവുമുള്ള ശരീരത്തെയാണ് നല്ല സംഹനനമുള്ളതെന്ന് വിശേഷിപ്പിക്കപ്പെടുന്നത്. ഇത് സമഗ്രമായ ആരോഗ്യത്തെ സൂചിപ്പിക്കുന്നു. വിശപ്പും ദാഹവും തണുപ്പും ആയാസവും സഹിക്കാനുള്ള കഴിവ് ഈ ശരീരത്തിനുണ്ടാകും. അഗ്നിദീപ്തിയും വ്യാധിക്ഷമത്വവും ഇവർക്ക് കൂടും.

രക്തം മാംസം അസ്ഥി എന്നിവയാണ് സുഹനനവുമായി ബന്ധപ്പെട്ട ധാതുക്കൾ. ദശവിധപരീക്ഷകളിൽ സംഹനനപരീക്ഷയും പെടുന്നു. പ്രവരം മധ്യം അവരം എന്ന് സംഹനനത്തെ അളക്കാം.

സമസുവിഭക്താസ്ഥി സുബദ്ധസന്ധി സുനിവിഷ്ടമാംസശോണിതം സുസംഹതം ശരീരമുച്യതേ!!

സമമാംസപ്രമാണസ്തു സമസംഹനനോ നര:

ദൃഢേന്ദ്രിയോ വികാരാണാം ന ബലേനാഭിഭൂയതേ
ക്ഷുത്പിപാസാതപസഹ: ശീതവ്യായാമസംസഹ:
സമപക്താ സമജര: സമമാംസചയോ മത:

## 10. അരിഷ്ടം

ആരോഗ്യവും രോഗവും ലക്ഷണങ്ങളെ പ്രകടിപ്പിക്കുന്നത് പോലെ തന്നെ മരണവും ലക്ഷണങ്ങളെ കാണിക്കുന്നുണ്ട്. രോഗത്തിന്റെ ദോഷദൂഷ്യസമ്മൂച്ഛനത്തിന്റെ തീവ്രാവസ്ഥ തന്നെയാണ് മരണം. രോഗാരോഗ്യങ്ങളെ മാത്രം അറിഞ്ഞാൽ പോരാ, മരണത്തെയും വൈദ്യൻ കൃത്യമായി നിർണ്ണയം ചെയ്യേണ്ടതുണ്ട്. ചെയ്യാൻ പോകുന്ന സാഫല്യത്തെ ഊഹിക്കാൻ അതുവേണ്ടിവരും. രോഗിയോടും ബന്ധുക്കളോടുമുള്ള കടമയുടെ ഭാഗമായും അതു ആവശ്യമാകാം.

കായയുണ്ടാകുംമുമ്പ് പൂവുണ്ടാകുന്നതുപോലെയും മഴക്കുമുമ്പ് മേഘമുണ്ടാകുന്നതുപോലെയും മരണത്തിന് മുമ്പ് അവശ്യമായും പ്രത്യക്ഷപ്പെടുന്ന ഒന്നാണ് അരിഷ്ടം അഥവാ രിഷ്ടം. ശാസ്ത്രജ്ഞാനവും പരിചയവും വളരെയധികം ആവശ്യമായ ഒരു മേഖലയാണിത്.

പ്രകൃതിയ്ക്ക് കാരണമായ ദോഷങ്ങൾക്ക് വിഘടനം സംഭവിക്കുന്നതുകൊണ്ടാണ് രിഷ്ടലക്ഷണങ്ങൾ, പ്രത്യക്ഷപ്പെടുന്നത്. അതുകൊണ്ട് രോഗത്തിന്റെ ആത്യയികലക്ഷണങ്ങൾക്ക് പുറമേ, പ്രകൃതിലക്ഷണങ്ങൾക്ക് വ്യതിയാനവും രിഷ്ടത്തിൽ പ്രത്യക്ഷപ്പെടുന്നു. ഇതിൽ ആദ്യത്തേത് സംപ്രാപ്തിയുടെ തുടർച്ചയാണ്. രണ്ടാമത്തേത് അത്രത്തോളം വിശദീകരണക്ഷമമല്ല.

രൂപം ഇന്ദ്രിയം സ്വരം എന്നിവ അതുവരെ ഉണ്ടായിരുന്നതിൽ നിന്ന് വ്യത്യസ്തമായിത്തീരുന്നു. ദേഹവർണ്ണത്തെ തെളിയിക്കുന്ന ഛായയ്ക്കും മാറ്റങ്ങൾ വരുന്നു. സാത്മ്യത്തിന് പോലും മാറ്റം വരാം. അതുകൊണ്ട് വളരെ സൂക്ഷ്മനിരീക്ഷണത്തിൽ നിന്നേ രിഷ്ടം തിരിച്ചറിയാനാകൂ.

രൂപേന്ദ്രിയസ്വരഛായാപ്രതിഛായാക്രിയാദിഷു
അന്യേഷ്വപി ച ഭാവേഷു പ്രാകൃതേഷ്വനിമിത്തത:
വികൃതിര്യാ സമാസേന രിഷ്ടം തദിതി ലക്ഷയേത്//

## 11. ആതങ്കം

രോഗത്തിന്റെ പര്യായങ്ങളിലൊന്നാണ് ആതങ്കം. കൃച്ഛ്രജീവനം, പണിപ്പെട്ട്

പൈൽസ്, ഫിസ്റ്റുല, സ്ത്രീ–പുരുഷവന്ധ്യത, നടുവേദന, നട്ടെല്ലു സംബന്ധമായ മറ്റു രോഗങ്ങൾ ഇവയ്ക്ക് വിദഗ്ദ്ധചികിത്സ ലഭ്യമാണ്.

# വിനായക

## ആയുർവ്വേദിക് നേഴ്സിംഗ് ഹോം

(മൾട്ടി സ്പെഷ്യാലിറ്റി ആയുർവ്വേദിക് സെന്റർ)

പാലക്കൽ, തൃശൂർ – 680 027

ഫോൺ : 0487 – 344789, 346789.

FIRST BACKBONE CLINIC IN KERALA



Estd : 1948

Founder : Ariya Vaidyan K.I. Krishnan Vaidyan

## Cochin Ariya Vaidya Sala

H.O. ഏരൂർ, തൃപ്പൂണിത്തുറ
Br. തൃപ്പൂണിത്തുറ Ph : 777797
ഷൺമുഖം റോഡ്, EKM. Ph : 366070 (PP)
കച്ചേരിപ്പടി, EKM. Ph : 390697
പള്ളുരുത്തി, എറണാകുളം.

എല്ലാ കമ്പനികളുടേയും ആയുർവേദ ഔഷധങ്ങൾ ഇവിടെ ലഭ്യമാണ്. കൊച്ചിൻ ആര്യവൈദ്യശാലയുടെ ഔഷധങ്ങൾ വൈദ്യൻമാർക്കും, വൈദ്യസ്ഥാപനങ്ങൾക്കും മൊത്തമായി ലഭിക്കുന്നതാണ്. കേരളത്തിലുടനീളം ഏജൻസികളും സ്റ്റോക്കിസ്റ്റുകളും പ്രവർത്തിക്കുന്നു.

## COCHIN ARIYA VAIDYA SALA NURSING HOME

തൃപ്പൂണിത്തുറ. Ph : 775619

ഇവിടെ പഞ്ചകർമ്മ ചികിത്സാ സൗകര്യം ലഭ്യമാണ്.





## കണ്ടംകുളത്തി വാസിക ഹെർബൽ കെയർ



ശ്വാസതടസ്സം, തുമ്മൽ, വിട്ടുമാറാത്ത ചുമ, കഫക്കെട്ട്

പ്രകൃതിയിലെ അമൂല്യങ്ങളായ ആയുർവേദ മരുന്നുകളുപയോഗിച്ചു നിർമ്മിച്ച ഈ ഔഷധക്കൂട്ട് ശ്രീ. കെ.പി. പത്രോസ് വൈദ്യർ അമ്പതിലേറെ വർഷക്കാലം രോഗികളിൽ പരീക്ഷിച്ച് ഫലം തെളിയിച്ച അപൂർവ്വങ്ങളായ ആയുർവേദ മരുന്നുകളുടെ ചേരുവയാണ്. ഇത് ശ്വാസകോശങ്ങളിൽ സങ്കോചിച്ചിരിക്കുന്ന ചെറുസ്രോതസുകളിൽ പ്രവർത്തിച്ച് അടിഞ്ഞിരിക്കുന്ന കഫത്തെ ലയിപ്പിച്ച് സ്രോതസുകളിൽ വികാസം ഉണ്ടാക്കി ശ്വാസോച്ഛ്വാസം സുഗമമാക്കുന്നു. തൻമൂലം രോഗിക്ക് ആശ്വാസം ലഭിക്കുന്നു.

## കെ.പി. പത്രോസ് വൈദ്യൻസ് കണ്ടംകുളത്തി വൈദ്യശാല

ഇപ്പോൾ വിപണിയിൽ ലഭ്യമാണ്.

H.O. കുഴൂർ, തൃശൂർ. ഫോൺ : 0488–779615

ജീവിതം നയിക്കലെന്നാണ് ഈ വാക്കിന്റെ അർത്ഥം.

രോഗം എല്ലാത്തരത്തിലും ഒരു പതിവ് ജീവിതത്തെ ബാധിക്കുന്നു. ചെയ്തു വന്നിരുന്ന ജോലികൾ ചെയ്യാനാകുന്നില്ല. ഇഷ്ടമുള്ള ആഹാരവിഹാരങ്ങളിൽ ഏർപ്പെടാൻ സാധിക്കുന്നില്ല. നിരന്തരമായി ശീലിച്ച് ശരീരത്തിന് അനുഗുണ മായി മാറിയ സാത്മ്യമായ ആഹാരവിഹാരാദികൾ പോലും പലപ്പോഴും അസ ഹ്യമായിത്തീരുന്നു. വൃദ്ധിസാത്മ്യം വേറെ തന്നെയാണല്ലോ. ഇതെല്ലാമാണ് കൃച്ഛ്രജീവനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ മാറ്റം ചികിത്സകന്റെ മുന്നിൽ രോഗത്തെ അവതരിപ്പിക്കുന്നതിനേയും ബാധിക്കുന്നുണ്ട്. രോഗി അദ്ദേ ഹത്തിന് ഏറ്റവും ബുദ്ധിമുട്ടായി തോന്നുന്ന കൃച്ഛ്രജീവനത്തെ ഉണ്ടാക്കുന്ന ലക്ഷണത്തെയാകും മുഖ്യമായി പറയുക. ഭക്ഷണപ്രിയനായ ഒരാൾക്ക് പല ലക്ഷണങ്ങളുള്ള ഒരു രോഗം വന്നാൽ അതിൽ അരോചകത്തെയാകും, അദ്ദേഹം പ്രധാനമാക്കി പറയുക.

കൃച്ഛ്രജീവനത്തിന്റെ തോത് രോഗത്തെ അളക്കാൻ വൈദ്യൻ ഉപയോഗി ക്കുന്നു. എത്രമാത്രം നിത്യജീവിതത്തെ ബാധിച്ചു എന്നതിനനുസരിച്ചിരിക്കും, രോഗത്തിന്റെ തീവ്രത. ചികിത്സയുടെ ഫലം വിലയിരുത്താനും ഈ രീതി അവ ലംബിക്കാവുന്നതാണ്.

ചിലപ്പോഴൊക്കെ രോഗത്തെയും ആരോഗ്യത്തെയും വേർതിരിച്ചറിയു ന്നത്പോലും കൃച്ഛ്രജീവനം കൊണ്ടാണ്. ലക്ഷണങ്ങൾ അവനവന്റെ അല്ലെ ങ്കിൽ മറ്റുള്ളവരുടെ ജീവിതത്തെ ബാധിക്കുമ്പോൾ മാത്രമാണ് മനോരോഗവിദ ഗ്ധർ ചിലരെ രോഗികളായി കണക്കാക്കുന്നത്.

രോഗം, ആതങ്കം എന്ന നിലയിൽ മനസ്സിനെയും ബാധിക്കുന്നു. പ്രത്യേ കിച്ചും ചിരജവ്യാധികളിൽ. കുട്ടികളിലും വൃദ്ധരിലും ഇത് കൂടുതൽ പ്രകട മായേക്കാം. പലപ്പോഴും ഇത് തന്നെ ലക്ഷണങ്ങളെ പ്രകടിപ്പിക്കുകയും ചെയ്യും. ജീവിതം നിയന്ത്രിക്കപ്പെടുന്നത് ആരെയാണ് അസ്വസ്ഥമാക്കാത്തത് ?

* ഗവ. ആയുർവേദ കോളേജ്,
തൃപ്പൂണിത്തുറ

# S.D.K.
# HEALTH COMPLEX

**CHOORAKKODI KALARI SAMGAM (REGD.),**

**P.O. CHELAVOOR, KOZHIKODE - 673 571,**
**CALICUT CORPORATION CWR - 11K.M**
**PHONE: 730952, 730317**

- ആയുരാരോഗ്യ സംരക്ഷണത്തിനും, രോഗമുക്തിക്കും ഏതവസ്ഥയിലും, ഏതു രോഗിയേയും ഞങ്ങൾ സ്വീകരിച്ച് താമസ സൗകര്യത്തോടെ ചികിത്സിക്കുന്നു.
- രോഗശമനാർത്ഥം ലോകവ്യാപകമായ എല്ലാവിധ സാമാന്യ ചികിത്സകളുടെയും സമന്വയം ഞങ്ങളുടെ പ്രത്യേകതയാണ്.
- ഉസ്താദ് : സി.എം.എം. ഗുരുക്കളുടെ നേതൃത്വത്തിൽ പ്രഗത്ഭരായ ഡോക്ടർമാരും, ഗുരുക്കന്മാരും (ബഹുമാന്യരായ ഗുരു രാഘവൻ തിരുമുൽപ്പാട് അടക്കമുള്ള ഗുരുഭൂതരുടെ നിർദ്ദേശോപദേശങ്ങളെ മുഖവിലക്കെടുത്തുകൊണ്ട്) സേവനമനോഭാവത്തോടെ പ്രവർത്തിക്കുന്നു.
- പഞ്ചകർമ്മ ചികിത്സകൾ പ്രഗത്ഭരുടെ നേതൃത്വത്തിൽ (പുരുഷ-വനിത പ്രത്യേക വിഭാഗങ്ങളിലായി) നടത്തുന്നു.
- ഞങ്ങളുടെ ചികിത്സയുടെ ഫലം നേരിട്ടറിഞ്ഞ രോഗികൾ - അവരിൽ നിന്നും വിവരം കൈമാറിയുമാണ് ഇന്ത്യക്കകത്തും പുറത്തും സ്ഥാപനം അറിയപ്പെടാനുള്ള പരസ്യ മാധ്യമമായത്.

## സ്ഥാപനത്തിലെ ഭിഷക്കുകളും, ഗുരുക്കന്മാരും

ഉസ്താദ്. സി.എം.എം. ഗുരുക്കൾ
(ചീഫ് ഫിസിഷ്യൻ & ഫൌണ്ടർ)
ഡോ.കെ. എസ്. രാജൻ DAM
ഡോ. പ്രസീതാ ബാബുരാജ് BAMS
അലി ഗുരുക്കൾ SDK
ബാലൻ ഗുരുക്കൾ SDK
സുലുജി SDK

ഡോ. സഹീർ അലി Bsc., BAMS, DYN
(ഡയറക്ടർ, ഫിസിഷ്യൻ)
ഡോ. സോണിയാജോൺ BAMS
മുഹമ്മദ് ഗുരുക്കൾ SDK
രാമചന്ദ്രൻ ഗുരുക്കൾ SDK
സീതിഹാജി ഗുരുക്കൾ SDK
എ. മൂസ്സ ഹാജി
(മാനേജിംഗ് ഡയറക്ടർ)

"**Esteem Services**" has been supplying conventional equipments like Wooden Pathi, Shalakha etc. as well as improved, more contemporary products like Steam Bath System, Adjustable Tables, Mechanized Dhara & Pizhichil systems etc.

Continuous R & D work is going on here to improve the existing systems and design new products which will bring down the manpower required for these treatments and at the same time, increase the effectiveness of the Panchakarma Treatments.



## Equipments For Panchakarma Treatment

- **Dharapathi (Wood & FRP) with adjustable Table**
- **Steam bath system (Sitting & Lying)**
- **Dhara stand with vessel**
- **Electrical & Gas boilers for steam bath**
- **Vasti Yanthram (Bronze / Plastic)**
- **Awagaha Tub**
- **Spine Bath**
- **Shalakha**
- **Pizhichil / Sarvanga Dhara Machine**



# ESTEEM SERVICES

III/131, Sidco Mohan Complex, P.O.Peringandoor,
Athani, Thrissur-680 581, Kerala.

Phone & Fax : (O) 0487-201216, 201365

http://www.ayurvedaequipments.com

e-mail : fgt91@zyberway.com, info@ayurvedaequipments.com

REGISTERED WITH THE REGISTRAR OF NEWS PAPERS FOR INDIA
RNI NO : KERMAL 10686/11/1/2002-TC

Curing body,
the way
mind desires...

ISO 9001 Registered
KPMG
Quality Registrar
The Quality Advantage

TREATMENTS FOR
ORTHOPAEDIC
RHEUMATIC
NEUROLOGICAL &
SPORTS INJURIES

SREERANGOM™
C.V.N. KALARI
CHIKILSAKENDRAM

a traditional ayurvedic kalari hospital
(ISO 9001 Registered)

ശ്രീരംഗം സി.വി.എൻ. കളരി ചികിത്സാകേന്ദ്രം
ചമ്പക്കര

ശ്രീരംഗം റോഡ്, കോട്ടയം, കേരളാ-686 540
ഫോൺ : 486114, 486115 (Hosp.), 485214 (Fax)
E-mail : sreerangom@satyam.net.in

www.sreerangomayur.com

ഈ സ്ഥാപനത്തിന്റെ കീഴിൽ മറ്റ് ബ്രാഞ്ചുകളോ ഏജൻസികളോ പ്രവർത്തിക്കുന്നില്ല

EXUM KTM